7–ാം സ്റ്റാൻഡേർഡിലെ പാഠപുസ്തകങ്ങളുടെ അച്ചടി

1201 [2167] ശ്രീ. കെ. പുരുഷോത്തമൻ:
,, സി. വാസുദേവമേനോൻ:
,, എം. ജിനദേവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986–87–ലെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനു അനുമതി ലഭിച്ച ഒരു സ്ഥാപനം, 7–ാം സ്റ്റാൻഡേർഡിലെ സാമൂഹ്യ പാഠവും സയൻസും പുസ്തകങ്ങൾ തമിഴ് നാട്ടിൽ അച്ചടിപ്പിച്ചതിന്റെ ഫലമായി വളരെയേറെ തെറ്റുകൾ കടന്നുകൂടുകയും തക്കസമയത്തു പ്രസ്തുത പാഠപുസ്തകങ്ങൾ പുറത്തിറക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇതുപോലുള്ള തകരാറുകൾ ആവർത്തിക്കപ്പെടാതിരിക്കാൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇങ്ങനെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) അച്ചടിയിലുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുവാൻ കാലാകാലങ്ങളിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

പരീക്ഷാ കേന്ദ്രത്തിൽ ക്രമക്കേടു കാണിച്ചതിന് സസ്പെൻറു ചെയ്യപ്പെട്ട അദ്ധ്യാപകർ

1202 [2168] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–ലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ നടുവത്തൂർ പരീക്ഷാ കേന്ദ്രത്തിൽ ക്രമക്കേടു കാണിച്ചതിന് എത്ര അദ്ധ്യാപകരെ സസ്പെൻറു ചെയ്തിരുന്നു;

(ബി) സസ്പെൻറു ചെയ്യപ്പെട്ട അദ്ധ്യാപകർ ആരെല്ലാമാണ്;

(സി) ഇവരിൽ ആരുടെയെങ്കിലും പേരിൽ കേസ് നിലവിലുണ്ടോ;

(ഡി) കേസിൽ പ്രതികളല്ലാത്ത അദ്ധ്യാപകരുടെ പേരിലുള്ള സസ്പെൻഷൻ പിൻവലിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) മൂന്ന്

(ബി) 1. ശ്രീ. കെ. പി. രാജഗോപാലൻ, ഹൈസ്കൂൾ അസിസ്റ്റൻറ്.
2. ശ്രീ. കെ. മാധവൻ നമ്പീശൻ, ഹെഡ്മാസ്റ്റർ.
3. ശ്രീ. ടി. അബൂബക്കർ, ഹൈസ്കൂൾ അസിസ്റ്റൻറ്

(സി) ഉണ്ട്.

(ഡി) പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly